പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **13.06.2019-ൽ മറുപടിക്ക്**

**നമ്പർ.1903**

**എൽ.ഡി.സി.റാങ്ക് ലിസ്റ്റും ആശ്രിത നിയമനവും**

**ചോദ്യം** **ഉത്തരം**

**ശ്രീ. എ.പി. അനിൽ കുമാർ** **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | എൽ.ഡി.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാം ജില്ലകളിൽ നിലവിലുണ്ട്; എന്നാണ് പ്രസ്തുത റാങ്ക് ലിസ്റ്റുകൾ ഓരോന്നും നിലവിൽ വന്നത് എന്നറിയിക്കാമോ; | (എ) | എൽ.ഡി.സി. തസ്തികയിലേക്കുള്ള പതിനാല് ജില്ലകളിലേയും റാങ്ക് ലിസ്റ്റ് 02.04.2018 ന് നിലവിൽ വന്നു. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഓരോന്നിൽ നിന്നും എത്രപേർക്ക് ഇതിനകം നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | (see table below) |
| (സി) | എൽ.ഡി.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം വിവിധ ജില്ലകളിൽ ആശ്രിത നിയമന വ്യവസ്ഥയിൽ എത്ര പേർക്ക് നിയമനം നൽകി; | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | ആശ്രിത നിയമനം നിലവിൽ എത്ര ശതമാനമാണ്; പ്രസ്തുത ശതമാനത്തിൽ കൂടുതൽ പേർക്ക് നിയമനം നൽകിയിട്ടുണ്ടോ; | (ഡി) യും (ഇ) യും | 24.05.1999 ലെ G.O.(P) No.12/99/P&ARD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം നടത്തിവരുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതന് |

(ബി) ഉത്തരം:

| ജില്ല | നിയമന ശിപാർശയുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 298 |
| കൊല്ലം | 194 |
| ആലപ്പുഴ | 98 |
| പത്തനംതിട്ട | 127 |
| കോട്ടയം | 175 |
| എറണാകുളം | 138 |
| ഇടുക്കി | 155 |
| തൃശ്ശൂർ | 236 |
| പാലക്കാട് | 221 |
| മലപ്പുറം | 222 |
| കോഴിക്കോട് | 230 |
| വയനാട് | 83 |
| കണ്ണൂർ | 205 |
| കാസർഗോഡ് | 122 |

| | | | |
|---|---|---|---|
| (ഇ) | ഉണ്ടെങ്കിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ഇത് ദോഷകരമായി ബാധിക്കുകയില്ലേ, വ്യക്തമാക്കുമോ? | | ജീവനക്കാരൻ ജോലിചെയ്തിരുന്ന വകുപ്പിൽ (മാതൃവകുപ്പ്) തന്നെ നിലവിലുള്ളതോ/ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതോ ആയ ഒഴിവിലേക്ക് നിയമനം നൽകേണ്ടതാണ്. ഇതിന് നിശ്ചിത ക്വാട്ടാ/ശതമാനം നിശ്ചയിച്ചിട്ടില്ല. മാതൃ വകുപ്പുകളിൽ നിയമനം നൽകുന്നതിന് ഒഴിവില്ലെങ്കിൽ മറ്റു വകുപ്പുകളിൽ നിയമനം നൽകുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ സമർപ്പിക്കേണ്ട-താണ്.ഇപ്രകാരം പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിലേയ്ക്ക് നിയമനം നൽകുന്നതിനായി പൊതുഭരണ (സി.ഇ.സെൽ) വകുപ്പിലേക്ക് ഓരോ വകുപ്പും താഴെ പറയുംപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഓരോ വകുപ്പുകളിലും എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% ഒഴിവുകളും; സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ അസിസ്റ്റന്റ്, ലീഗൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഒരു വർഷം ആകെ ഉണ്ടാകുന്ന ഒഴിവുകളുടെ 5% ഒഴിവുകളും; ഗ്രാമ വികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വനിതാ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ തസ്തികകളിലെയും, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ലോവർ ഡിവിഷൻ കംപൈലർ തസ്തികയിലെയും ഒരു വർഷത്തിൽ ആകെ ഉണ്ടാകുന്ന ഒഴിവുകളുടെ 5% ഒഴിവുകളും; പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡൻ എന്നീ തസ്തികകളിൽ ഒരു വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളും പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ